LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

'അഹാഡ്സ്' - കോംപ്രിഹെൻസീവ് എൻവയോൺമെന്റ് കൺസർവേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ട്

2626 ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)"അഹാഡ്സ്-കോംപ്രിഹെൻസീവ് എൻവയോൺമെൻറ് കൺസർവേഷൻ ആൻറ് കമ്മ്യൂണിറ്റി ഡെവലപ്മെൻറ് പ്രൊജക്ട്" എന്ന പേരിൽ വയനാട് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായ എന്തെങ്കിലും സാധ്യതാപഠനം നടപ്പാക്കിയിട്ടുണ്ടോ. എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വികസനമാണ് ഇതുകൊണ്ട് ലക്ഷ്യം വെയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഏതു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള സാധ്യതാപഠനം ഫണ്ടിംഗ് ഏജൻസിയായ ജപ്പാൻ ഇൻറർനാഷണൽ കോ-ഒപ്പറേഷൻ ഏജൻസിക്കുവേണ്ടി ജപ്പാൻ ആസ്ഥാനമായ നിപ്പോൺ കോയി കമ്പനി ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

(സി) പാരിസ്ഥിതികവും സാമൂഹികവുമായ വികസനമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

(ഡി) വയനാട്ടിലെ മുഴുവൻ ആദിവാസി വിഭാഗങ്ങൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള വികസനത്തിനു പുറമെ സമഗ്ര പാരിസ്ഥിതിക സാമൂഹിക വികസനം കൂടി ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. സെന്റർ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, എസ്.റ്റി ഡിപ്പാർട്ട്മെന്റ് തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡമാണ് സ്വീകരിക്കുന്നത്.

വിദ്യാഭ്യാസ വായ്പ - സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശം

T4652 ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ എത്രയെന്ന് എ.പി.എൽ., ബി.പി.എൽ. തിരച്ച് ലഭ്യമാക്കുമോ;

(ബി)പലിശസബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2004 -09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ എ.പി.എൽ. വിഭാഗത്തിൽ 4678-ഉം, ബി.പി.എൽ. വിഭാഗത്തിൽ 1472-ഉം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)- പലിശ സബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബജറ്റ് നിർദ്ദേശം അനുസരിച്ച് ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയത്. എന്നാൽ, അഡീഷണൽ ഓതറൈസേഷൻ വഴി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡിയായി 36,43,75,000 രൂപ അനുവദിച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly